✎ ടി.കെ ഉബൈദ്

ഖുര്‍ആന്‍ ബോധനം

1092

# സൂറ – 36 / യാസീന്‍

## സൂക്തം: 59 – 67

ഇബാദത്തിന്റെ പല ആശയങ്ങളില്‍ ഒന്നാണ് അനുസരണം. എല്ലാ അനുസരണവും ഇബാദത്താകുന്നില്ല. എന്നാല്‍ എല്ലാ ഇബാദത്തിലും അനുസരണമുണ്ട്. അല്ലാഹുവിന്റെ വിധിവിലക്കുകള്‍ക്ക് വിധേയമായി മറ്റുള്ളവരെ അനുസരിക്കുന്നത് അവരെ അനുസരിക്കലായിരിക്കുമ്പോള്‍ തന്നെ അല്ലാഹുവിനുള്ള ഇബാദത്താകുന്നു.

وَٱمْتَٰزُوا۟ ٱلْيَوْمَ أَيُّهَا ٱلْمُجْرِمُونَ ﴿٥٩﴾

59. ഹേ, കുറ്റവാളികളേ, നിങ്ങളിന്നു വേര്‍തിരിഞ്ഞു നില്‍ക്കുവിന്‍.

**59**

وَامْتَازُوا الْيَوْمَ= ഇന്ന് നിങ്ങള്‍ വേര്‍തിരിഞ്ഞു നില്‍ക്കുവിന്‍

أَيُّهَا الْمُجْرِمُونَ= ഹേ, കുറ്റവാളികളേ

വിചാരണാ സഭയില്‍ സമ്മേളിക്കുന്ന പുണ്യാത്മാക്കളുടെ സൗഭാഗ്യങ്ങള്‍ വിവരിച്ച ശേഷം പാപികളുടെ ദുരവസ്ഥ വര്‍ണിക്കുകയാണ്. അവരോട് വേര്‍തിരിഞ്ഞു മാറിനില്‍ക്കാന്‍ കല്‍പിക്കുന്നു. ഈ മാറിനില്‍പ്പിന് രണ്ട് മാനങ്ങളുണ്ട്: 1. സജ്ജനങ്ങളില്‍നിന്ന് വേര്‍തിരിഞ്ഞ് കുറ്റവാളികള്‍ ഒരു കൂട്ടമായി മാറിനില്‍ക്കുക. 2. എല്ലാവരും അവരുടെ സ്വന്തക്കാരില്‍നിന്നും ബന്ധുക്കളില്‍നിന്നും പാര്‍ട്ടിക്കാരില്‍നിന്നുമൊക്കെ മാറി ഒറ്റപ്പെട്ടു നില്‍ക്കുക. രണ്ടാമത്തെ അര്‍ഥമനുസരിച്ച് കുറ്റവാളികള്‍ സജ്ജനങ്ങളില്‍നിന്ന് മാത്രമല്ല, മറ്റെല്ലാവിധ ബന്ധങ്ങളില്‍നിന്നും ഒറ്റപ്പെടുന്നു. 80:34-36-ല്‍ ആ ദിനത്തെ വര്‍ണിക്കുന്നു: يَوْمَ يَفِرُّ ٱلْمَرْءُ مِنْ أَخِيهِ ﴿٣٤﴾ وَأُمِّهِۦ وَأَبِيهِ ﴿٣٥﴾ وَصَٰحِبَتِهِۦ وَبَنِيهِ ﴿٣٦﴾ (അന്ന് ഓരോ മനുഷ്യനും സ്വന്തം സഹോദരനില്‍നിന്നും മാതാവില്‍നിന്നും പിതാവില്‍നിന്നും ഭാര്യയില്‍നിന്നും സന്തതികളില്‍നിന്നുമെല്ലാം ഓടിയകലുന്നു). വേറിട്ടു നില്‍ക്കുന്നതിനും പ്രത്യേക മേന്മയുണ്ടാകുന്നതിനും امتياز എന്നു പറയും. അതില്‍നിന്നുള്ള ശാസനാ ക്രിയാ രൂപമാണ് وَامْتَازُوا . ഒറ്റപ്പെട്ടു നില്‍ക്കുകയാണ് ഇവിടെ ഉദ്ദേശ്യം. ●

أَلَمْ أَعْهَدْ إِلَيْكُمْ يَٰبَنِىٓ ءَادَمَ أَن لَّا تَعْبُدُوا۟ ٱلشَّيْطَٰنَ ۖ إِنَّهُۥ لَكُمْ عَدُوٌّ مُّبِينٌ ﴿٦٠﴾

60. ഞാന്‍ നിങ്ങളോട് കരാറു ചെയ്തിട്ടില്ലയോ; ആദം മക്കളേ, ചെകുത്താന് ഇബാദത്ത് ചെയ്തുകൂടെന്ന്, ചെകുത്താന്‍ നിങ്ങളുടെ തെളിഞ്ഞ ശത്രുവാണെന്ന്.

61. എനിക്കു മാത്രം ഇബാദത്ത് ചെയ്യണമെന്നും അതാണ് നേർവഴിയെന്നും.

وَأَنِ ٱعۡبُدُونِيۚ هَٰذَا صِرَٰطٞ مُّسۡتَقِيمٞ ٦١

62. നിങ്ങളിൽ പെരുത്തു സമുദായങ്ങളെ അവൻ വഴിതെറ്റിച്ചുകളഞ്ഞല്ലോ. നിങ്ങൾ ബുദ്ധിപൂർവം യാഥാർഥ്യം ഗ്രഹിച്ചിരുന്നില്ലയോ?

وَلَقَدۡ أَضَلَّ مِنكُمۡ جِبِلّٗا كَثِيرًاۖ أَفَلَمۡ تَكُونُواْ تَعۡقِلُونَ ٦٢

**60-62**

أَلَمْ أَعْهَدْ إِلَيْكُمْ = ഞാൻ നിങ്ങളോട് കരാർ ചെയ്തിട്ടില്ലയോ يَا بَنِي آدَمَ = ആദമിന്റെ മക്കളേ

أَن لَّا تَعْبُدُوا الشَّيْطَانَ = നിങ്ങൾ ചെകുത്താന് ഇബാദത്ത് ചെയ്തുകൂടെന്ന്

إِنَّهُ لَكُمْ = തീർച്ചയായും അവൻ നിങ്ങളുടെ عَدُوٌّ مُّبِينٌ = തെളിഞ്ഞ ശത്രുവാകുന്നു(വാണെന്ന്)

وَأَنِ اعْبُدُونِي = നിങ്ങൾ എനിക്കു(മാത്രം) ഇബാദത്ത് ചെയ്യണമെന്നും

هَٰذَا صِرَاطٌ مُّسْتَقِيمٌ = ഇ(അ)താണ് നേർവഴിയെന്നും

وَلَقَدْ أَضَلَّ مِنكُمْ = തീർച്ചയായും അവൻ നിങ്ങളിൽനിന്നു വഴി തെറ്റിച്ചു കളഞ്ഞല്ലോ

جِبِلًّا كَثِيرًا = പെരുത്തു സമുദായങ്ങളെ, തലമുറകളെ

أَفَلَمْ تَكُونُوا تَعْقِلُونَ = നിങ്ങൾ ബുദ്ധിപൂർവം (യാഥാർഥ്യം) ഗ്രഹി(ച്ചിരുന്നില്ലയോ)ക്കുന്നവരായിരുന്നില്ലയോ

عَهْد (കരാറ്, വരം, പ്രമാണം, കൽപന)-ൽനിന്നുള്ള ക്രിയയാണ് أَعْهَدْ. ഈ വാക്ക് إِلَى-യുമായി ചേർന്നു വരുമ്പോൾ ഉത്തരവാദപ്പെടുത്തുക, ബാധ്യസ്ഥനാക്കുക എന്ന ആശയം ലഭിക്കും. 2:125 وَعَهِدْنَا إِلَىٰ إِبْرَاهِيمَ وَإِسْمَاعِيلَ എന്ന വാക്യത്തിന് ഇബ്റാഹീമിനെയും ഇസ്മാഈലിനെയും നാം ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നു എന്ന് അർഥം കൽപിക്കാറുണ്ട്. ഇവിടെ أَلَمْ أَعْهَدْ إِلَيْكُمْ എന്നതിന് ഞാൻ നിങ്ങളോട് കരാറ് ചെയ്തിരുന്നില്ലേ, നിങ്ങളെ ഉത്തരവാദപ്പെടുത്തിയിരുന്നില്ലേ എന്ന് അർഥമാകുന്നു. മനുഷ്യമക്കളുടെ അടിസ്ഥാനപരമായ പാപം ആദ്യമേ അവരെ ബോധ്യപ്പെടുത്തിക്കൊണ്ട് പറയുകയാണ്; ചെകുത്താന് ഇബാദത്ത് ചെയ്യരുതെന്നും അവൻ നിങ്ങളുടെ ബദ്ധവൈരിയാണെന്നും നിങ്ങൾ എനിക്കു മാത്രം ഇബാദത്ത് ചെയ്യണമെന്നും, അതാണ് നിങ്ങളുടെ ശരിയായ ജീവിത പാതയെന്നും, ഞാനും നിങ്ങളും തമ്മിൽ ചെയ്ത കരാറിന്റെ ഉത്തരവാദിത്തം നിങ്ങൾ പാലിച്ചില്ല. നിങ്ങളിൽ ധാരാളം സമുദായങ്ങളെ ചെകുത്താൻ വഴിതെറ്റിക്കുക തന്നെ ചെയ്തു. എന്തേ നിങ്ങൾ ബുദ്ധിയും വിവേചനശക്തിയും തീരെ ഉപയോഗിച്ചില്ലേ? നിങ്ങളുടെ പിതാവിന് സ്വർഗം നഷ്ടപ്പെടുത്തുകയും, ലോകാവസാനം വരെ ആദം പുത്രന്മാരെ പറുദീസയുടെ പാതയിൽനിന്ന് തെറ്റിച്ച് നരക പാതയിൽ നടത്തുമെന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്ത ശത്രുവിനെ എന്തുകൊണ്ട് തിരിച്ചറിഞ്ഞില്ല? മനുഷ്യരോടുള്ള ചെകുത്താന്റെ ശത്രുതയും അല്ലാഹുവിനോട് അവൻ നടത്തിയ വെല്ലുവിളിയും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും മുൻ സൂറകളിൽ, വിശേഷിച്ചും *അൽബഖറ, അൽഅഅ്റാഫ്* സൂറകളിൽ വിശദമായി വന്നിട്ടുണ്ട്. അതിലേക്കുള്ള സൂചന മാത്രമാണ് ഇവിടെ നൽകിയിരിക്കുന്നത്.

ചെകുത്താനെ ഇബാദത്ത് ചെയ്യുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ചെകുത്താനെ അനുസരിക്കൽ-ചെകുത്താന്റെയും ചെകുത്താന്റെ സ്വാധീനത്തിൽ പെട്ടവരുടെയും കൽപനകൾക്കും പ്രേരണകൾക്കും വഴിപ്പെട്ട് ജീവിക്കൽ-ആകുന്നു. താബിഈ പണ്ഡിതനായ മക്ഹൂലും വിഖ്യാത പൂർവിക ഖുർആൻ വ്യാഖ്യാതാവ് ഇമാം റാസിയുമെല്ലാം അത് വ്യക്തമാക്കിയിട്ടുണ്ട്. ഇബാദത്തിന്റെ പല ആശയങ്ങളിൽ ഒന്നാണ് അനുസരണം. എല്ലാ അനുസരണവും ഇബാദത്താകുന്നില്ല. എന്നാൽ എല്ലാ ഇബാദത്തിലും അനുസരണമുണ്ട്. അല്ലാഹുവിന്റെ വിധിവിലക്കുകൾക്ക് വിധേയമായി മറ്റുള്ളവരെ അനുസരിക്കുന്നത് അവരെ അനുസരിക്കലായിരിക്കുമ്പോൾ തന്നെ അല്ലാഹുവിനുള്ള ഇബാദത്താകുന്നു. പ്രവാചകന്മാരെ, മാതാപിതാക്കളെ, അധികാരികളെ, നേതാക്കളെ, ആചാര്യന്മാരെ ഒക്കെ അനുസരിക്കണമെന്ന് അല്ലാഹു കൽപിച്ചിരിക്കുന്നു. അതുപ്രകാരം അവർ അനുസരിക്കപ്പെടുമ്പോൾ ആത്യന്തികമായി അനുസരിക്കപ്പെടുന്നത് അല്ലാഹുവാണ്. അല്ലാഹുവിന്റെ വിധിവിലക്കുകൾക്ക് വിരുദ്ധമായ വിധിവിലക്കുകൾ നൽകുന്നവരെ, അവർ അതിന് അധികാരമുള്ളവരും ചോദ്യം ചെയ്യാതെ അനുസരിക്കപ്പെടേണ്ടവരുമാണെന്ന് അംഗീകരിച്ചുകൊണ്ട് അനുസരിക്കുമ്പോൾ അത് അവർക്കുള്ള ഇബാദത്താകുന്നു. ചെകുത്താനെ ചെകുത്താനാണെന്ന് കരുതി ആരും അനുസരിക്കാറില്ല. ചെകുത്താൻ മനസ്സിലുണർത്തുന്ന ദുർവിചാരങ്ങളെയും വികാരങ്ങളെയും, അവ ദൈവവിശ്വാസത്തിനും ഭക്തിക്കും ധാർമിക മൂല്യങ്ങൾക്കും യോജിക്കുന്നുവോ ഇല്ലേ എന്നു നോക്കാതെ അനുസരിക്കുന്നതും ചെകുത്താൻ സ്വാധീനിച്ച് അവന്റെ സേവകരാക്കിയ അധികാരികളുടെയും നേതാക്കളുടെയും ആചാര്യന്മാരുടെയും ഉപദേശനിർദേശങ്ങളും വിധിവിലക്കുകളും നിരുപാധികം അനുസരിക്കപ്പെടേണ്ടതാണെന്നംഗീകരിച്ച് ചോദ്യം ചെയ്യാതെ അനുസരിക്കുന്നതും അനുസരിക്കപ്പെടുന്നവർക്കുള്ള ഇബാദത്താകുന്നു. ഈ വിധത്തിൽ ചെകുത്താനെ അനുസരിക്കുന്നവൻ താൻ ചെകുത്താനെ അനുസരിക്കുകയാണെന്ന് അറിയുന്നില്ലെങ്കിലും അത് ചെകുത്താനുള്ള ഇബാദത്താകും. മൗലാനാ അബുൽ അഅ്ലാ

മൗദൂദി തന്റെ *ഖുർആനിലെ നാല് സാങ്കേതിക ശബ്ദങ്ങൾ* എന്ന പുസ്തകത്തിലും *തഫ്ഹീമുൽ ഖുർആൻ* എന്ന തഫ്സീറിലും 'ഇബാദത്ത്' എന്ന പദം ഉൾക്കൊള്ളുന്ന ആശയങ്ങൾ വിപുലമായി ചർച്ച ചെയ്തിരിക്കുന്നു. സൂറ *അൽ ഫാതിഹ* 5-ാം സൂക്തത്തിനു താഴെ *ഖുർആൻ ബോധനവും* ഇബാദത്ത് എന്താണെന്ന് സംക്ഷിപ്തമായി പറഞ്ഞിട്ടുണ്ട്. ●

---

هَٰذِهِۦ جَهَنَّمُ ٱلَّتِي كُنتُمْ تُوعَدُونَ ﴿٦٣﴾

63. നാം നിങ്ങളെ താക്കീതു ചെയ്തിരുന്ന നരകമിതാ മുന്നിലെത്തിയിരിക്കുന്നു.

ٱصْلَوْهَا ٱلْيَوْمَ بِمَا كُنتُمْ تَكْفُرُونَ ﴿٦٤﴾

64. ഇഹലോകത്ത് സത്യധർമങ്ങൾ നിഷേധിച്ചു വാണതിന്റെ ഫലമായി ഇനി ആ നരകത്തിൽ കിടന്ന് എരിഞ്ഞുകൊള്ളുവിൻ.

**63,64**

هَٰذِهِ جَهَنَّمُ = ഇത്(താ) നരകം (മുന്നിലെത്തിയിരിക്കുന്നു)

الَّتِي كُنتُمْ تُوعَدُونَ = നിങ്ങൾ താക്കീതു ചെയ്യപ്പെട്ടിരുന്നതായ (നിങ്ങളെ താക്കീതു ചെയ്തിരുന്ന)

اصْلَوْهَا الْيَوْمَ = ഇന്ന് (ഇനി) അതിൽ (ആ നരകത്തിൽ കിടന്ന്) എരിഞ്ഞുകൊള്ളുവിൻ

بِمَا كُنتُمْ تَكْفُرُونَ = (ഈ ലോകത്ത്) നിങ്ങൾ (സത്യധർമങ്ങൾ) നിഷേധിച്ചു (വാണതിന്റെ ഫലമായി) കൊണ്ടിരുന്നതിനാൽ

അതായത് അല്ലാഹുവിനോട് ചെയ്ത കരാറും അതു ചുമത്തിയ ഉത്തരവാദിത്തങ്ങളും അവഗണിച്ചുതള്ളിയതിന്റെ അനന്തരഫലമായി നിങ്ങൾ താക്കീതു ചെയ്യപ്പെട്ട നരകമിതാ ഇപ്പോൾ നിങ്ങളുടെ മുന്നിൽ വന്നിരിക്കുന്നു. ദൈവദൂതന്മാരും സത്യപ്രബോധകരും ഇതേക്കുറിച്ച് ധാരാളം ഉണർത്തിയതായിരുന്നു. അതെല്ലാം നിങ്ങൾ ധിക്കാര ബുദ്ധിയോടെ നിഷേധിക്കുകയായിരുന്നുവല്ലോ. ഇനി ഈ നരകത്തിൽ കടന്നുകൊള്ളുവിൻ. അതിൽ കിടന്നു വേവുകയല്ലാതെ നിങ്ങൾക്ക് ഗത്യന്തരമില്ല. ●

---

ٱلْيَوْمَ نَخْتِمُ عَلَىٰٓ أَفْوَٰهِهِمْ وَتُكَلِّمُنَآ أَيْدِيهِمْ وَتَشْهَدُ
أَرْجُلُهُم بِمَا كَانُوا۟ يَكْسِبُونَ ﴿٦٥﴾

65. അവരുടെ വായ്കൾ ഇന്നു നാം അടച്ചുപൂട്ടുന്നു. ഭൗതികജീവിതത്തിൽ അവർ നേടിക്കൊണ്ടിരുന്നതെന്താണെന്ന് അവരുടെ കൈകൾ നമ്മോട് സംസാരിക്കുകയും കാലുകൾ സാക്ഷ്യപ്പെടുത്തുകയും ചെയ്യും.

**65**

الْيَوْمَ نَخْتِمُ عَلَى أَفْوَاهِهِمْ = ഇന്ന് നാം അവരുടെ വായ്കളിന്മേൽ മുദ്ര വെക്കുന്നു(വായ്കൾ അടച്ചുപൂട്ടുന്നു)

وَتُكَلِّمُنَا أَيْدِيهِمْ = അവരുടെ കൈകൾ നമ്മോട് സംസാരിക്കും(കയും)

وَتَشْهَدُ أَرْجُلُهُمْ = അവരുടെ കാലുകൾ സാക്ഷ്യപ്പെടുത്തുകയും ചെയ്യും

بِمَا كَانُوا يَكْسِبُونَ = (ഭൗതിക ലോകത്ത്) അവർ നേടിക്കൊണ്ടിരുന്നത് എന്താണെന്ന്

മുന്നിൽ നിൽക്കുന്നവരോട് സംസാരിക്കുന്ന ശൈലിയിലായിരുന്നു മുൻസൂക്തങ്ങൾ. ഇനി ഏതാനും സൂക്തങ്ങളിൽ അന്യരെ കുറിച്ച് പറയുന്നതുപോലെ പ്രഥമ പുരുഷവചനമാണ് ഉപയോഗിക്കുന്നത്. മുൻസൂക്തങ്ങൾ ദൈവധിക്കാരികളെ വിമർശിക്കുകയും അധിക്ഷേപിക്കുകയുമാണ്. മധ്യമ പുരുഷവചനമാണ് അതിനു ഉചിതമായ ശൈലി. തുടർന്നുള്ള സൂക്തങ്ങൾ പറയുന്നത് ദൈവധിക്കാരത്തിൽ ഊറ്റം കൊണ്ട് വാണവർ വിചാരണാ സഭയിൽ നേരിടുന്ന അവശതയും നിസ്സഹായതയുമാണ്. പ്രഥമ പുരുഷവചനമാണ് അതിനു കൂടുതൽ ഉചിതം. വചനസാരമിതാണ്: വിചാരണാ സഭയിൽ കർമപുസ്തകം കുറ്റപത്രമായി വായിക്കപ്പെടുമ്പോൾ, ഭൗതികലോകത്ത് കുറ്റവാളികൾ ചെയ്തിരുന്നതുപോലെ എല്ലാം അവർ നിഷേധിക്കും. കർമപുസ്തകം തയാറാക്കിയ മലക്കുകൾ തങ്ങളുടെ കണക്കിൽ തങ്ങൾ ചെയ്യാത്ത കാര്യങ്ങൾ എഴുതിവെച്ചിരിക്കുന്നു എന്ന് പരാതിപ്പെടും. അപ്പോൾ അതുവരെ ഒച്ചവെച്ചു സംസാരിച്ചിരുന്ന തൊള്ളകൾ അല്ലാഹു സീൽ ചെയ്യുന്നു. പിന്നെ അവർക്ക് സംസാരിക്കാനാവില്ല. എന്നിട്ട് അതുവരെ സംസാരശേഷി ഇല്ലാതിരുന്ന മറ്റു ശരീരാവയവങ്ങൾക്ക് സംസാരശേഷിയേകുന്നു. ഓരോ അവയവത്തോടും അതു ചെയ്ത കർമങ്ങൾ സാക്ഷ്യപ്പെടുത്താൻ ആവശ്യപ്പെടുന്നു. ഓരോ അവയവവും കർമപുസ്തകത്തിൽ താൻ ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള കർമങ്ങൾ സമ്മതിച്ച് സാക്ഷിമൊഴി നൽകുന്നു.

حَتَّىٰٓ إِذَا مَا جَاءُوهَا شَهِدَ عَلَيْهِمْ سَمْعُهُمْ وَأَبْصَارُهُمْ وَجُلُودُهُم بِمَا كَانُوا
يَعْمَلُونَ ﴿٢٠﴾

(അങ്ങനെ എല്ലാവരും വിചാരണാ സഭയിലെത്തിച്ചേർന്നാൽ ഇഹലോകത്ത് പ്രവർത്തിച്ചുകൊണ്ടിരുന്നതെന്തൊക്കെയാണെന്ന് അവരുടെ കാതുകളും കണ്ണുകളും ചർമങ്ങളും സാക്ഷ്യപ്പെടുത്തുന്നു -41:20). സ്വന്തം അവയവങ്ങളോരോന്നും തങ്ങൾക്കെതിരെ സാക്ഷിപറയുന്നതു കേട്ട് പാപികൾ വിഭ്രാന്തരാകുന്നു.

وَقَالُوا لِجُلُودِهِمْ لِمَ شَهِدتُّمْ عَلَيْنَا ۖ قَالُوا أَنطَقَنَا اللَّهُ الَّذِي أَنطَقَ كُلَّ شَيْءٍ وَهُوَ خَلَقَكُمْ أَوَّلَ مَرَّةٍ وَإِلَيْهِ تُرْجَعُونَ ﴿٢١﴾

(അവർ സ്വചർമങ്ങളോട് ചോദിക്കുന്നു. നിങ്ങളെന്തിന് ഞങ്ങൾക്കെതിരെ സാക്ഷിപറഞ്ഞു? അവ മറുപടി കൊടുക്കുന്നു: സകല വസ്തുക്കൾക്കും സംസാരശേഷി നൽകിയ അല്ലാഹു ഞങ്ങൾക്കും സംസാരശേഷിയരുളിയിരിക്കുന്നു. അവനാണ് നിങ്ങളെ ആദ്യ തവണ സൃഷ്ടിച്ചത്. അവങ്കലേക്കുതന്നെ നിങ്ങൾ തിരിച്ചെത്തുന്നു -41:21). സൂറ *അർറഹ്മാൻ* സൂക്തം 39-ലും 41-ലും ഇതേകുറിച്ച് പറയുന്നു: فَيَوْمَئِذٍ لَّا يُسْأَلُ عَن ذَنبِهِ إِنسٌ وَلَا جَانٌّ(അന്നാളിൽ ഒരു മനുഷ്യനോടും ഒരു ജിന്നിനോടും അവന്റെ കുറ്റം ചോദിക്കേണ്ടതില്ല...) يُعْرَفُ الْمُجْرِمُونَ بِسِيمَاهُمْ فَيُؤْخَذُ بِالنَّوَاصِي وَالْأَقْدَامِ (കുറ്റവാളികൾ ശരീരഭാഷയാൽ തന്നെ തിരിച്ചറിയപ്പെടുകയും ആപാദചൂഡം പിടികൂടി നരകത്തിലേക്ക് വലിച്ചിഴക്കപ്പെടുകയും ചെയ്യുന്നു). ●

---

وَلَوْ نَشَاءُ لَطَمَسْنَا عَلَىٰ أَعْيُنِهِمْ فَاسْتَبَقُوا الصِّرَاطَ فَأَنَّىٰ يُبْصِرُونَ ﴿٦٦﴾

66. നമുക്ക് വേണമെങ്കിൽ അവരുടെ കണ്ണുകൾ മായ്ച്ചുകളയാമായിരുന്നു. എന്നിട്ടവർ വഴിയിലേക്ക് കുതിച്ചാൽ എങ്ങനെ വഴി കാണാൻ?

وَلَوْ نَشَاءُ لَمَسَخْنَاهُمْ عَلَىٰ مَكَانَتِهِمْ فَمَا اسْتَطَاعُوا مُضِيًّا وَلَا يَرْجِعُونَ ﴿٦٧﴾

67. നമുക്ക് വേണമെങ്കിൽ അവരെ മുന്നോട്ടോ പിന്നോട്ടോ നീങ്ങാനാവാത്ത വണ്ണം രൂപാന്തരം ചെയ്തു സ്വസ്ഥാനത്ത് നിർത്തിക്കളയാമായിരുന്നു.

**66,67**

وَلَوْ نَشَاءُ لَطَمَسْنَا = നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ (നമുക്കു വണമെങ്കിൽ) നാം തീർച്ചയായും മായ്ച്ചുകളയുമായിരുന്നു

عَلَىٰ أَعْيُنِهِمْ = അവരുടെ കണ്ണുകൾ فَاسْتَبَقُوا الصِّرَاطَ = എന്നിട്ടവർ (വഴിയിലേക്ക്) കുതിച്ചു(ച്ചാൽ)

فَأَنَّىٰ يُبْصِرُونَ = അവരെങ്ങനെ (വഴി)കാണാൻ

وَلَوْ نَشَاءُ لَمَسَخْنَاهُمْ = നാം ഉദ്ദേശിച്ചാൽ (നമുക്കു വേണമെങ്കിൽ) അവരെ രൂപാന്തരം ചെയ്യാം (ചെയ്ത്)

عَلَىٰ مَكَانَتِهِمْ = അവരുടെ (സ്വ)സ്ഥാനത്ത് (നിർത്തിക്കളയാം)

فَمَا اسْتَطَاعُوا مُضِيًّا وَلَا يَرْجِعُونَ = പിന്നെ അവർക്ക് പോക്കും മടക്കവും സാധിച്ചില്ല (മുന്നോട്ടോ പിന്നോട്ടോ നീങ്ങാനാവാത്ത വണ്ണം)

ഈ സൂക്തങ്ങളിൽ لَوْ എന്ന നിബന്ധനാ പ്രത്യയം ഭൂതകാലത്തെ ഉദ്ദേശിച്ചാണ് വന്നിട്ടുള്ളത്. لَوْ كنا نشاءُ (നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ) എന്നാണ് പൂർണ രൂപം. ......... وَيَقُولُونَ مَتَىٰ هَٰذَا الْوَعْدُ എന്ന സൂക്തത്തോടാണ് ഈ സൂക്തം ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നത്. വിചാരണാ സഭയിൽ നിഷേധികൾ നേരിടുന്ന നിസ്സഹായത പരാമർശിച്ചതിനു തൊട്ടുടനെയായി ഈ സൂക്തം ചേർത്തതിന്റെ താൽപര്യം ദൈവധിക്കാരികൾക്ക് അല്ലാഹു നൽകിയിട്ടുണ്ടായിരുന്ന കണ്ണും കാതും കൈകാലുകളുമൊന്നും പരലോകത്ത് പ്രയോജനപ്പെടാതെ പോകുമെന്ന് മുൻസൂക്തങ്ങൾ സൂചിപ്പിച്ചത് വിദൂരമായ കാര്യമായി തോന്നുന്നുവെങ്കിൽ പരലോകത്തു മാത്രമല്ല ഈ ലോകത്തും അവർക്കെല്ലാം ഇല്ലാതാക്കാൻ അല്ലാഹുവിന് ഒരു പ്രയാസവുമില്ല എന്ന് എല്ലാവരെയും ഉദ്ബോധിപ്പിക്കുകയാണ്. അല്ലാഹുവിനു വേണമെങ്കിൽ ഈ ലോകത്തുതന്നെ അവരുടെ കണ്ണുകൾ മായ്ച്ചുകളയാം. പിന്നെ ഉദ്ദേശിച്ച വഴിക്ക് നടക്കാൻ കുതിച്ചാൽ വഴി കാണാൻ കഴിയുന്നതെങ്ങനെ? അതുപോലെ അല്ലാഹു വേണമെന്നു വെച്ചാൽ അവരെ രൂപാന്തരം ചെയ്ത് അവരുള്ള സ്ഥാനങ്ങളിൽ നിശ്ചലരായി നിർത്താനും കഴിയും. പിന്നെ മുന്നോട്ടോ പിന്നോട്ടോ നീങ്ങാൻ അവർക്കാവില്ല. രൂപാന്തരപ്പെടുത്തലും വികൃതമാക്കലും കേടാക്കലുമൊക്കെയായ مَسْخ-ൽനിന്നുള്ള ക്രിയയാണ് مَسَخْنَا. കണ്ണുകൾ മായ്ക്കലിനെ തുടർന്ന് പറയുന്ന مَسَخ കൈകാലുകളുടെ നാശമാവാം. അവയില്ലാത്തവർക്ക് പോക്കുവരവ് സാധ്യമാവില്ലല്ലോ. അല്ലെങ്കിൽ അവരെ ചെടികൾ പോലുള്ള അചേതന സൃഷ്ടികളോ കല്ലും മണ്ണും പോലുള്ള നിർജീവ വസ്തുക്കളോ ആക്കി മാറ്റാം എന്നുമാവാം.

സർവശക്തനായ അല്ലാഹു അവരുടെ കൊടിയ ധിക്കാരം കണ്ടിട്ടും ഇങ്ങനെയൊന്നും ചെയ്യാത്തത് അവരോടുള്ള അളവറ്റ ദയാദാക്ഷിണ്യം കൊണ്ടാണ്. തന്റെ വിശിഷ്ട സൃഷ്ടികളായ മനുഷ്യർ, അവരുടെ ബദ്ധശത്രുവായ ചെകുത്താന്റെ ദാസ്യം കൈവെടിഞ്ഞ് സത്യത്തിലേക്കും ധർമത്തിലേക്കും മടങ്ങിവരാൻ അവസരം നീട്ടിക്കൊടുക്കുകയാണവൻ. അവരാഗ്രഹിക്കുകയാണെങ്കിൽ സ്വയം വീണ്ടെടുക്കാനും ദൈവദത്തമായ കഴിവുകളുടെയും യോഗ്യതകളുടെയും മഹത്വം മനസ്സിലാക്കാനും അവയോടുള്ള ബാധ്യത തിരിച്ചറിയാനും അങ്ങനെ അവന്റെ നന്ദിയും കൂറുമുള്ള ദാസന്മാരായിത്തീരാനും കഴിയും. ●